പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3959** **11.11.2019**- ൽ മറുപടിയ്ക്ക്

## കെ.എസ്.എസ്.എം. ആശ്വാസ ചികിത്സാ ധനസഹായം

ചോദ്യം
ശ്രീ.കോവൂർ കുഞ്ഞുമോൻ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു മാത്രമല്ലാതെ കൂടുതൽ ചികിത്സാ ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി നൽകിവരുന്ന ചികിത്സാ സഹായങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കെ.എസ്.എസ്.എം. ഗുരുതര-രോഗികൾക്കുള്ള ആശ്വാസ ചികിത്സാ ധനസഹായം ഇപ്പോൾ അനുവദിക്കുന്നുണ്ടോ; | | |
| (സി) | ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള രോഗികൾക്ക് അപേക്ഷ സമർപ്പിക്കാം; വിശദമാക്കുമോ; | | |
| (ഡി) | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ഡി) | ഗവൺമെന്റ് ആശുപത്രിയിൽ നിന്നും രോഗത്തിന്റെയും ചികിത്സയുടെയും ചെലവ് രേഖപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, സ്വകാര്യ ആശുപത്രിയിൽ മാത്രമെ ചികിത്സ നടത്താനാവൂ എന്ന സാഹചര്യമാണെങ്കിൽ ഗവൺമെന്റ് ആശുപത്രിയിൽ നിന്നുള്ള റെഫറൽ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുടെ പകർപ്പ് ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ഇ) | കിഡ്നി മാറ്റിവയ്ക്കൽ പോലുള്ള ചികിത്സകൾക്ക് അത്തരം ആശ്വാസകരമായ സഹായം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | 'വീ കെയർ' പദ്ധതി മുഖേന കിഡ്നി മാറ്റിവയ്ക്കൽ പോലുള്ള ചികിത്സകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി നൽകി വരുന്ന ചികിത്സാ സഹായങ്ങൾ

1. **താലോലം പദ്ധതി.**

ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയും സർജറിയും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാണ്.

2. **ക്യാൻസർ സുരക്ഷാ പദ്ധതി**

18 വയസ്സുവരെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നത്.

3. **ശ്രുതിതരംഗം പദ്ധതി**

സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ട് നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

4. **ധ്വനി പദ്ധതി**

ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

5. **മിഠായി**

സംസ്ഥാനത്ത് ടൈപ്പ് 1 പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി സാമൂഹ്യ നീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് മിഠായി. ടി പദ്ധതിയിലേയ്ക്ക് 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് www.mittayi.org എന്ന website online ആയി Registration നടത്തുവാൻ കഴിയുന്നതാണ്.

6. **വി.കെയർ**

സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്കീമുകളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അപേക്ഷകർക്ക് ചികിത്സ ധനസഹായം വി കെയറിൽ നിന്നും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**